പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 483
29-11-2018-ലെ മറുപടിയ്ക്ക്

സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാർ

| ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്ബ് | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) പ്രളയാനന്തര സംസ്ഥാന പുനർ നിർമ്മാണത്തിനായി സർക്കാർ മുന്നോട്ട് വച്ച സാലറി ചലഞ്ചിൽ എത്ര സംസ്ഥാന സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല സ്ഥാപന ജീവനക്കാരും സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് പുറപ്പെടുവിക്കും വരെ പങ്കെടുത്തു; എത്ര പേർ വിസമ്മതം അറിയിച്ചു. | 24.11.2018 ലെ സ്പാർക്കിൽ ലഭ്യമായ വിവരമനുസരിച്ച് സർക്കാർ ജീവനക്കാരും അധ്യാപകരും ഉൾപ്പടെ 290352 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (പൊതുമേഖലസ്ഥാപന ജീവനക്കാർ ഒഴികെ). 197250 പേർ വിസമ്മതം അറിയിച്ചു. |
| ബി) സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് എത്ര ജീവനക്കാർ സമ്മതപത്രം നൽകി എന്നറിയിക്കുമോ; | 30.10.2018 ലെ സർക്കുലർ നമ്പർ 99/2018 പ്രകാരം 10/2018 ലെ ശമ്പളം മാറിയ ജീവനക്കാരിൽ 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തിട്ടുണ്ട്. മുൻ മാസത്തെ അപേക്ഷിച്ച് 3869 പേർ ഒക്ടോബർ മാസത്തെ ശമ്പളം എടുത്തിട്ടില്ല. |
| സി) സമ്മതപത്രം ഉൾപ്പെടുത്തിയ ഉത്തരവ് സുപ്രീംകോടതി ഇടപെടലിന് മുമ്പ് പുറപ്പെടുവിച്ചിരുന്നുവെങ്കിൽ കൂടുതൽപേർ സാലറി ചലഞ്ചിൽ പങ്കെടുക്കാമായിരുന്നുവെന്ന് കരുതുന്നുണ്ടോ എന്നറിയിക്കുമോ? | സാലറി ചലഞ്ച് ഒരു ഘട്ടത്തിലും നിർബന്ധമാക്കിയിരുന്നില്ല. വിട്ടുനിൽക്കുന്നതിന് ജീവനക്കാർക്ക് സർവ്വസ്വാതന്ത്ര്യമുണ്ടെന്നത് സർക്കുലർ മുഖാന്തിരം തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ